എന്ന, മഹാകവി കുമാരനാശാന്റെ ഹൃദയം നീറിപ്പുറപ്പെട്ട വിലാപം, ഇരുണ്ട ഒരു പ്രവചനമായി മാറിക്കൊണ്ടിരിക്കുകയാണോ?

'അല്ല' എന്ന് ഉറപ്പിച്ചുപറയാൻ എനിക്കു ധൈര്യം ഇല്ല. നിങ്ങൾക്കോ?

9 മാർച്ച്, 1986

# 57. ദാരിദ്ര്യം എങ്ങനെ അകറ്റാം?

'ഗരീബി ഹടാവോ' എന്ന മുദ്രാവാക്യം രാഷ്ട്രത്തിന്റെ മുമ്പിൽ ഇന്ദിരാഗാന്ധി സമർപ്പിക്കുന്നതിനു മുമ്പുതന്നെ, ബഹുജനങ്ങളുടെ ദാരിദ്ര്യനിർമാർജനം സ്വതന്ത്രഭാരത ഗവൺമെന്റിന്റെ ആത്യന്തികലക്ഷ്യമായിരുന്നു. ആസൂത്രിത–സാമ്പത്തികവികസനത്തിനുവേണ്ടിയുള്ള പഞ്ചവത്സരപദ്ധതികൾ ഭാരതസർക്കാർ ആരംഭിച്ചതു് ത്വരിതഗതിയിലുള്ള സാമ്പത്തികവികസനവും, ഉല്പാദിപ്പിക്കപ്പെടുന്ന സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണവും, അങ്ങനെ ദാരിദ്ര്യനിർമാർജനവും ജനാധിപത്യത്തിന്റെ ചട്ടക്കൂടിനകത്തുവെച്ച് നിർവഹിക്കുന്നതിനുവേണ്ടിയാണ്.

രണ്ടാം മഹായുദ്ധത്തെത്തുടർന്ന് സ്വാതന്ത്ര്യം നേടുന്ന അവസരത്തിൽ പരമദരിദ്രമായ ഒരു രാജ്യമായിരുന്നു ഇന്ത്യ. സ്വാതന്ത്ര്യലബ്ധിക്ക് ഏതാനും വർഷങ്ങൾമുമ്പ് ക്ഷാമംമൂലം ബംഗാളിൽമാത്രം അരക്കോടിയിലേറെ ജനങ്ങൾ മരിക്കുകയുണ്ടായി എന്ന വസ്തുത ഇന്ന് മിക്കവരും ഓർക്കാറില്ല. ഇന്ത്യയുടെ ഭക്ഷ്യദുർഭിക്ഷം എന്നെങ്കിലും അവസാനിക്കുമെന്ന പ്രതീക്ഷ അന്ന് ആർക്കുമുണ്ടായിരുന്നില്ല. നിർമാണങ്ങൾക്ക് ആവശ്യമായ ഇരുമ്പോ, സിമന്റോ, വ്യവസായങ്ങൾക്ക് അനുപേക്ഷണീയങ്ങളായ യന്ത്രങ്ങളോ, യന്ത്രങ്ങൾ നടത്തുവാൻവേണ്ട എണ്ണയോ അന്ന് ഇന്ത്യയിൽ ഉല്പാദിപ്പിച്ചിരുന്നില്ല. എല്ലാം മറുനാടുകളിൽനിന്ന് ഇറക്കുമതിചെയ്യണമായിരുന്നു. വ്യവസായങ്ങളിൽ നിക്ഷേപിക്കാൻവേണ്ട മൂലധനം, വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകാൻവേണ്ട സാങ്കേതികവൈദഗ്ധ്യം, വ്യവസായങ്ങളുടെ മേൽനോട്ടത്തിനുവേണ്ട മാനേജ്മെന്റ്–നൈപുണ്യം മുതലായവയുടെ കാര്യത്തിലും നമ്മുടെ നില വളരെ പരുങ്ങലിലായിരുന്നു. ധാരാളമായി ലഭിച്ചിരുന്നതു്, ഒരു പരിശീലനവുമില്ലാത്ത, മിക്കവാറും നിരക്ഷരരായ, തൊഴിലാളികൾ മാത്രമായിരുന്നു.

ഈ നിലയിൽ അടിസ്ഥാനപരമായ മാറ്റം ഇന്നു വന്നുചേർന്നിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഇന്ത്യ സ്വയംപര്യാപ്തത നേടിയിരിക്കുന്നു. ഗണ്യമായ ഒരു കരുതൽധാന്യശേഖരം ഇന്നു സർക്കാരിന്റെ കൈവശമുണ്ട്. വ്യാവസായികവളർച്ചയ്ക്കുവേണ്ട അടിത്തറ ഇവിടെ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. സയൻസിലും സങ്കേതവിദ്യയിലും മാനേജ്മെന്റിലും മറ്റും പരിശീലനം നേടിയവരുടെ എണ്ണത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ മൂന്നാമത്തെയോ നാലാമത്തെയോ സ്ഥാനം ഇന്ന് ഇന്ത്യയ്ക്കാണ്. വ്യവസായസംരംഭകരുടേതായ ഒരു വർഗവും ഇന്ത്യയിൽ വളർന്നുവന്നിരിക്കുന്നു. മൂലധനസംഭരണം അത്രയേറെ വിഷമമുള്ള ഒരു കാര്യമല്ലാതായിത്തീർന്നിരിക്കുന്നു.

എന്നിട്ടും എന്തുകൊണ്ട് ഇന്ത്യയിൽ ത്വരിതഗതിയിലുള്ള സാമ്പത്തികവികസനം പര്യാപ്തമായ അളവിൽ ഉണ്ടാകുന്നില്ല? എന്തുകൊണ്ട് ജനസംഖ്യയിൽ വളരെ വിപുലമായ ഒരു വിഭാഗം ദാരിദ്ര്യരേഖയ്ക്കു താഴെ

ത്തന്നെ കിടക്കുന്നു? ആശയ്ക്കു പകരം കനത്ത നൈരാശ്യവും, സമാധാനത്തിനുപകരം വ്യാപകമായ ജനക്ഷോഭവും എന്തുകൊണ്ട് ഇന്ത്യൻ മനുഷ്യദൃശ്യത്തിന്റെ സ്ഥിരം സവിശേഷതകളായിത്തീർന്നിരിക്കുന്നു?

ഭരണകർത്താവെന്ന നിലയിൽ ദീർഘകാലത്തെ പരിചയം കൈമുതലായുള്ള ഗുജറാത്ത് ഗവർണ്ണർ ശ്രീ ബി. കെ. നെഹ്റു 1985 ഡിസംബർ 28-ാം തീയതി അഹമ്മദാബാദിൽചെയ്ത 'ബി. ആർ. ഷേണായ് സ്മാരകപ്രസംഗ'ത്തിൽ ഈ പ്രശ്നം വിശകലനംചെയ്തു പരിശോധിച്ചിട്ടുണ്ട്. തികച്ചും യാഥാസ്ഥിതികമെന്നു വിശേഷിപ്പിക്കാവുന്നതാണ് ശ്രീ നെഹ്റുവിന്റെ സമീപനം. എങ്കിലും, നമ്മുടെ സമകാല യാഥാർത്ഥ്യങ്ങളെ നിശ്ചിതമായ ഒരു പശ്ചാത്തലത്തിനെതിരേവെച്ച് സ്ഫുടമായി വീക്ഷിക്കാൻ ഈ പ്രസംഗം സഹായിക്കുന്നുണ്ട്. 1986 ജനുവരി 24-ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ഈ പ്രസംഗത്തിന്റെ സംക്ഷേപത്തിലെ മുഖ്യ ചിന്താഗതികൾ വായനക്കാർക്ക് രസകരമായിരിക്കുമെന്നു കരുതുന്നു.

നിയന്ത്രണാതീതമായി ജനം പെരുകുന്ന ഒരു രാജ്യത്ത് സാമ്പത്തികഉല്പാദനം വർദ്ധിച്ചതുകൊണ്ടുമാത്രം ദാരിദ്ര്യനിവാരണം സാധ്യമാവുകയില്ല. ജനസംഖ്യാനിയന്ത്രണം ഒരു ലക്ഷ്യമായി ഇന്ത്യാഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും, സർക്കാരിന്റെ ജനസംഖ്യാനിയന്ത്രണ പരിപാടികൾക്ക പിറകിൽ രാഷ്ട്രീയ-ഇച്ഛാശക്തി ഇനിയും കേന്ദ്രീകരിച്ചിട്ടില്ല. ഫലമോ! 1951-ൽ മുപ്പത്താറു കോടിയിലേറെ ജനങ്ങളുണ്ടായിരുന്ന ഇന്ത്യയിൽ ഇപ്പോൾ അതിന്റെ ഇരട്ടിയിലധികം—എഴുപത്താറു കോടിയിലേറെ—ജനങ്ങളുണ്ട്. ആണ്ടുതോറും നമ്മുടെ ജനസംഖ്യ ആപത്കരമാംവിധം പെരുകിക്കൊണ്ടിരിക്കുകയുമാണ്.

കുടുംബാസൂത്രണമാർഗങ്ങൾ അംഗീകരിക്കുന്നവർക്ക് ചില ലഘുപ്രചോദനങ്ങൾ നൽകുകയാണ് ഗവണ്മെന്റ് ഇപ്പോൾ ചെയ്തുവരുന്നത്. ഇതോടൊപ്പം, കണക്കറ്റു പെറ്റുപെരുകുന്ന കുടുംബങ്ങൾക്ക കൂടുതൽ പ്രയാസം ഉളവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ട കാലമായി എന്ന് ശ്രീ നെഹ്റു കരുതുന്നു. 'ഒരു കുടുംബത്തിൽ ഒരു കുട്ടി മാത്രം' എന്ന ലക്ഷ്യം സ്വീകരിച്ചിട്ടുള്ള ചൈനയുടെ മാതൃക പിൻതുടരുവാൻ ഇന്ത്യക്കു പ്രയാസമായിരിക്കും. എന്നാലും, സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കുന്ന കാര്യത്തിലും, പൊതുസൗജന്യങ്ങൾ അനുഭവിക്കുന്ന കാര്യത്തിലും രണ്ടിലധികം കുട്ടികളുള്ളവർക്കെതിരെ വിവേചനം ആകാമെന്നു ശ്രീ നെഹ്റു പറയുന്നു. ചുരുങ്ങിയത്, രണ്ടിലേറെ കുട്ടികളുള്ളവർക്ക് പാർലമെന്റിലേക്കോ നിയമസഭയിലേക്കോ പഞ്ചായത്തിലേക്കോ തെരഞ്ഞെടുപ്പിനുനില്ക്കാൻ ടിക്കറ്റ് കൊടുക്കുകയില്ലെന്നു രാഷ്ട്രീയപ്പാർട്ടികൾക്ക തീരുമാനിച്ചുകൂടേ? ദാരിദ്ര്യനിവാരണം സാധ്യമാകണമെങ്കിൽ, ജനസംഖ്യാനിയന്ത്രണത്തെ സർക്കാരിന്റെ ഒരു സദുദ്ദേശ്യം മാത്രമല്ലാതെ, രാഷ്ട്രീയപ്പാർട്ടികളുടെ ഒരു സക്രിയപരിപാടിയാക്കി മാറ്റുകയും, കർശനങ്ങളായ നടപടികൾ ഈ ലക്ഷ്യം നേടുന്നതിനായി കൈക്കൊള്ളുകയും ആവശ്യമാണെന്നു ശ്രീ നെഹ്റു പ്രസ്താവിക്കുന്നു.

ദീർഘകാലമായി ദാരിദ്ര്യത്തിൽ പുലർന്നുവന്നതിനാലാവണം, രാഷ്ട്രത്തിൽ ആകെയുള്ള സമ്പത്ത് പരിമിതമാണെന്നും, പാവങ്ങളെ കൊള്ളയടിക്കാതെ ആർക്കും പണക്കാരാവാൻ കഴിയുകയില്ലെന്നുമുള്ള വിശ്വാസം ഇന്ത്യയിൽ സാർവത്രികമായുണ്ട്. ഈ വിശ്വാസം തെറ്റാണെന്നും, സമ്പത്ത് എത്രയെങ്കിലും വർദ്ധിപ്പിക്കാവുന്നതേയുള്ളുവെന്നും ശ്രീ നെഹ്റു വിശ്വസിക്കുന്നു. ഉള്ള വരുമാനം പങ്കിടുന്നതിലൂടെയല്ല, പുതിയ വരുമാനങ്ങൾ ഉണ്ടാക്കുന്നതിലൂടെയാണ് ദാരിദ്ര്യം നിവാരണം ചെയ്യേണ്ടത്. വികസിതരാജ്യങ്ങളിലെല്ലാം ദാരിദ്ര്യം നിർമാർജനം

ചെയ്യപ്പെട്ടതു മുമ്പുണ്ടായിരുന്ന സമ്പത്തു പുനർവിഭജിച്ചിട്ടല്ല; പുതിയ സമ്പത്തു് സൃഷ്ടിച്ചിട്ടാണു്. ഇതൊരു മുതലാളിത്തവീക്ഷണമാവാം; എങ്കിലും, ഇന്നത്തെ ഇന്ത്യയിൽ ഈ വീക്ഷണത്തിനു പ്രസക്തിയില്ലായ്കയില്ല.

സമ്പത്തു് ഉല്പാദിപ്പിക്കുന്നതു് മുതലാളിയായാലും തൊഴിലാളിയായാലും, താൻ ഉല്പാദിപ്പിക്കുന്ന സമ്പത്തിന്റെ ന്യായമായ ഒരു വിഹിതം കൈവശംവയ്ക്കുവാൻ ഉല്പാദകനു് അവകാശമുണ്ടായിരിക്കണമെന്നു് ശ്രീ നെഹ്റു പറയുന്നു. സമൂഹം മൊത്തത്തിൽ കൂടുതൽ സമ്പന്നമാവുകയായിരിക്കും, ഈ അവകാശം വകവെച്ചുകൊടുക്കുന്നതിന്റെ ഫലം. സമൂഹം സമ്പന്നതരമാകുന്നതോടെ, സമൂഹത്തിന്റെ അകത്തു് ഉയർന്നവനും താഴ്ന്നവനും തമ്മിലുള്ള അന്തരവും കുറഞ്ഞുവരും. വ്യവസ്ഥിതി മുതലാളിത്തമായാലും കമ്യൂണിസമായാലും, സംഭവിക്കുന്നതു് ഇതൊന്നുതന്നെയാണു്. എന്നു മാത്രമല്ല ഏതു സ്ഥാപനത്തിലും ഒരുതരം ശ്രേണീരൂപസംഘടന (ഹയറാർക്കി) ഉണ്ടായേ കഴിയൂ എന്നും ശ്രീ നെഹ്റു കരുതുന്നു. അതായതു് സർവ്വസമത്വം ഏതു വ്യവസ്ഥിതിയിലും ഒരു സ്വപ്നം മാത്രമായിരിക്കും; സഹ്യമായ പരിധികളിൽ ഉച്ചനീചത്വഭേദം ഉണ്ടായാലും കുഴപ്പമില്ല.

രാഷ്ട്രത്തിൽ ഉല്പാദിപ്പിക്കുന്ന സമ്പത്തു നീതിപൂർവ്വകമായി വിതരണംചെയ്യുന്നതിനു് അഞ്ചു മാർഗങ്ങളാണു് സർക്കാർ കൈക്കൊള്ളുന്നതു്. ഒന്നാമതു്, കൂടുതൽ സമ്പത്തുള്ളവരുടെമേൽ കൂടുതൽ നികുതി ചുമത്തുന്നു. രണ്ടാമതു്, ഭൂനിയമപരിഷ്കരണങ്ങളിലൂടെ കൃഷിഭൂമിക്കുമേൽ യഥാർത്ഥ കർഷകന്റെ അവകാശം സ്ഥാപിക്കുന്നു. മൂന്നാമതു് തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കുകയും, യൂണിയനുകളായി സംഘടിച്ചു വിലപേശലിനുള്ള ശക്തി വർദ്ധിപ്പിക്കാൻ തൊഴിലാളികൾക്കു് അവസരം നൽകുകയുംചെയ്യുന്നു. നാലാമതു് കുടിൽവ്യവസായങ്ങൾക്കു സംരക്ഷണവും പ്രോത്സാഹനവും നൽകുന്നു. അഞ്ചാമതു്, അത്യാവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുകയും, റേഷനിങ്ങിലൂടെ അവ ബഹുജനങ്ങൾക്കു് എത്തിച്ചുകൊടുക്കുകയുംചെയ്യുന്നു. സിദ്ധാന്തപരമായി കുറ്റമറ്റവയാണു് ഈ നടപടികളെല്ലാം; അവയുടെ പ്രയോഗത്തിൽ മാത്രമാണു് പലപ്പോഴും തകരാറുകൾ ഉണ്ടാവുന്നതു്.

ഉദാഹരണത്തിനു് നികുതികളുടെ കാര്യമെടുക്കുക. സ്വാതന്ത്ര്യം ലഭിക്കുന്ന കാലത്തു് ഇന്ത്യയിൽ വ്യക്തികൾക്കുമേൽ നേരിട്ടുചുമത്തിയിരുന്നതു് ആദായനികുതി മാത്രമായിരുന്നു. അതുതന്നെ പരിമിതവുമായിരുന്നു. ആദായനികുതിക്കുപുറമേ, മൂലധനലാഭനികുതി (കാപ്പിറ്റൽ ഗെയ്ൻസ് ടാക്സ്), സ്വത്തുനികുതി (വെൽത്ത് ടാക്സ്), സമ്മാനനികുതി (ഗിഫ്റ്റ് ടാക്സ്), ചെലവുനികുതി (എക്സ്പെൻഡിച്ചർ ടാക്സ്), മരണനികുതി (എസ്റ്റേറ്റ് ഡ്യൂട്ടി) എന്നിവ ചുമത്തിത്തുടങ്ങിയതു് 1956–ലാണു്. അന്നേക്കു് ആദായനികുതിനിരക്കു് ഉയർന്നുയന്റ് രൂപയ്ക്കു പതിന്നാലണവരെ എത്തിയിരുന്നു. ഈ ഉയന്ന തോതിൽ ആദായനികുതി നല്കിയിരുന്നവരുടെമേലാണു് മുമ്പുപറഞ്ഞ നികുതികളെല്ലാം വന്നുവീണതു്. ഫലമോ? നികുതിയിൽനിന്നു് ഒഴിഞ്ഞുമാറാൻ സാധ്യതയുള്ളവരെല്ലാം അങ്ങനെ ചെയ്തുതുടങ്ങി. ശമ്പളക്കാർ മാത്രം ആദായനികുതി കൊടുക്കാൻ ബാധ്യസ്ഥരുമായി. നികുതിയിൽനിന്നു് ഒഴിവാകാനുള്ള മാർഗം കൈക്കൂലിനൽകലാണെന്നു വളരെ വേഗം കണ്ടുപിടിക്കപ്പെട്ടു. അങ്ങനെ, രാഷ്ട്രത്തിന്റെ സമ്പത്തു് നീതിപൂർവ്വം വിതരണംചെയ്യുന്നതിനു് ഉദ്ദേശിക്കപ്പെട്ട നികുതിവ്യവസ്ഥ നാട്ടിലാകെ അഴിമതി വർദ്ധിക്കാൻ കാരണമായി. ശരിക്കു നികുതി കൊടുക്കുന്ന ആർക്കും പണക്കാരാവാൻ സാധിക്കാത്തമട്ടിലാണു് നമ്മുടെ

നികുതിസമ്പ്രദായം. എന്നിട്ടും, എത്ര പണക്കാരാണ് ഇന്ന് നമുക്കു ചുററും! ദാരിദ്ര്യനിവാരണത്തിന് സർക്കാർ കൈക്കൊണ്ട മററു നടപടികളും ഇതുപോലെ ഉദ്ദിഷ്ടവിപരീതമായ ഫലമാണുളവാക്കിയിട്ടുള്ളതെന്ന് ശ്രീ നെഹ്റു പറയുന്നു.

അമിതമായ ജനപ്പെരുപ്പത്തെ നീക്കിനിർത്തിയാൽ, സാമ്പത്തിക വികസനത്തിനുള്ള മററു സാഹചര്യങ്ങളെല്ലാം നമുക്ക് അനുകൂലമാണ്; നമ്മുടെ സമ്പാദ്യനിരക്ക്, മൊത്തം വരുമാനത്തിന്റെ അഞ്ചിലൊന്നിലേറെയായി വർദ്ധിച്ചിട്ടുണ്ട്. വിദേശനാണ്യലഭ്യത ആശ്വാസകരമാണ്. കരുതൽ ധാന്യശേഖരവും വേണ്ടത്രയുണ്ട്. ശാസ്ത്രജ്ഞന്മാർ, എൻജിനീയർമാർ, സങ്കേതികവിജ്ഞാനികൾ മുതലായവരുടെ എണ്ണം കൂടിയതോടെ ജനങ്ങളുടെ മനോഭാവത്തിലും മൗലികമായ മാററം വന്നിരിക്കുന്നു. നമ്മുടെ സാങ്കേതികവിദ്യ താരതമ്യേന പഴഞ്ചനാണെങ്കിലും, ഇന്ത്യക്കാർക്ക് ഏറെറടുത്തുനടത്താൻ കഴിയാത്ത ഒരു സംരംഭവും ഇന്നില്ലെന്നു വന്നിരിക്കുന്നു.

വ്യവസായങ്ങൾ ഗവണ്മെൻറിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ആകുന്നതു് സാമ്പത്തികോല്പാദനം പരമാവധി ഉയർത്തുന്നതിനു് സഹായകമല്ലെന്നു് ഇന്ത്യയിലെ അനുഭവം തെളിയിച്ചതായി ശ്രീ നെഹ്റു പറയുന്നു. ഇന്ത്യാഗവണ്മെൻറ് മുപ്പതിനായിരം കോടി രൂപ വ്യവസായങ്ങളിൽ മുടക്കിയിട്ടുണ്ട്. എണ്ണക്കമ്പനികളിൽനിന്നു് സർക്കാരിനു് ആണ്ടുതോറും ആയിരം കോടി രൂപ ലഭിക്കുന്നു. ഈ ലാഭത്തിൽ നിന്നു് എഴുനൂററമ്പതുകോടി രൂപകൂടി, വ്യവസായനടത്തിപ്പിൽ നിന്നുണ്ടാകുന്ന ഭീമമായ നഷ്ടം നികത്താൻ ചെലവഴിക്കേണ്ട സ്ഥിതിയാണിന്നുള്ളതു്. മുപ്പതിനായിരം കോടി രൂപ മുടക്കി നടത്തുന്ന വ്യവസായങ്ങൾ ആണ്ടുതോറും എഴുനൂററമ്പതു കോടി രൂപ നഷ്ടമുണ്ടാക്കുന്നു!

ഇന്ത്യൻ സ്റ്റേററുകൾ വിദ്യുച്ഛക്തിബോർഡുകളിൽ പതിന്നാലായിരം കോടി രൂപ മുടക്കിയിട്ടുണ്ട്. ഇവ ആണ്ടുതോറും ആയിരം കോടി രൂപ വീതം നഷ്ടം വരുത്തിവെക്കുന്നു. ഈ നഷ്ടം നികത്തേണ്ടതു്, സാധാരണക്കാർ നൽകുന്ന നികുതിപ്പണംകൊണ്ടാണ്.

സമ്പദ്ഘടനയുടെമേൽ ആധിപത്യംചെലുത്തുന്ന ഉന്നത മേഖലകൾ (കമാൻഡിങ് ഹൈറെറ്സ്) സർക്കാരിന്റെ കൈവശമായിരിക്കണമെന്ന സിദ്ധാന്തമാണ് ഇന്ത്യാഗവണ്മെൻറ് അംഗീകരിച്ചിരുന്നതു്. ചെരുപ്പ്, റൊട്ടി, സോപ്പ്, ബിയർ മുതലായ ഉപഭോഗവസ്തുക്കൾ നിർമ്മിക്കാൻ സർക്കാർ പുറപ്പെടേണ്ട യാതൊരു കാര്യവുമില്ല. എഴുപത്താറു കോടി ജനങ്ങളുടെ സാമ്പത്തികനടപടികൾ മുഴുവൻ നിയന്ത്രിക്കേണ്ട ആവശ്യമോ, അതിനുള്ള കഴിവോ, സർക്കാരിനില്ല. ഇതൊക്കെ ചെയ്യാൻ ആവശ്യമായ ഊർജവും യോഗ്യതയും പണവും ഇച്ഛാശക്തിയും ജനങ്ങൾക്കുണ്ടുതാനും. വ്യവസായങ്ങൾ ലാഭകരമായി നടത്താനാവശ്യമായ നൈപുണ്യം സർക്കാർ ആർജിക്കുംവരെ, മേലിൽ, സർക്കാരിന്റെ ഉടമയിൽ ഒരു വ്യവസായവും തുടങ്ങരുതെന്നു് ശ്രീ നെഹ്റു നിർദേശിക്കുന്നു.

അതേ അവസരത്തിൽ, വ്യവസായവളർച്ചയ്ക്കുവേണ്ടി സർക്കാരിനു മാത്രം നിവ്വഹിക്കാവുന്ന പല കർത്തവ്യങ്ങളുമുണ്ട്, 'സമ്പദ്ഘടനയുടെ അടിത്തറ' (ഇൻഫ്രാസ്ട്രക്ചർ) എന്നറിയപ്പെടുന്ന ആരോഗ്യസേവനം, വിദ്യാഭ്യാസസേവനം (സാങ്കേതികശിക്ഷണം അടക്കം), ജലസേചനം, ഗവേഷണം, കടിവെള്ളം, ട്രെയിൻ—റോഡ് ഗതാഗതം, വിദ്യുച്ഛക്തി, വാർത്താവിതരണം മുതലായവ ഇനിയുമെത്രയോ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഇവയ്ക്കു ചെലവഴിക്കേണ്ട പണം വ്യവസായങ്ങളിൽ മുടക്കു

മ്പോൾ സർക്കാർ ചെയ്യുന്നത് വ്യവസായവളർച്ചയെ നിരുത്സാഹപ്പെടുത്തുകയും, അതേസമയം നഷ്ടം വർധിപ്പിക്കുകയുമാണ്.

അനാവശ്യമായ ധാരാളിത്തമാണ് സർക്കാർ ചെലവുകളിൽ നാം കാണുന്നത്. ഒരു ജോലിയും ചെയ്യാതെ ശമ്പളം വാങ്ങുന്ന ലക്ഷക്കണക്കിന് സർക്കാരുദ്യോഗസ്ഥന്മാരെ ഇന്ന് എവിടെയും കാണാം. ഇവരുടെ എണ്ണം പരമാവധി കുറയ്ക്കണം. ഉൽപ്പന്നങ്ങൾക്കു താങ്ങുവില നൽകുക വഴി ചെലവിലെ ധാരാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഏററവും ചെലവേറിയ ഒരു പദ്ധതിയാണ് താങ്ങുവിലസമ്പ്രദായം. ഇതും അവസാനിപ്പിച്ചേ മതിയാവൂ. ഉൽപന്നങ്ങളുടെ വില, അങ്ങാടിയിലെ സ്വാഭാവികമായ ചോദന–പ്രദാനവ്യവസ്ഥിതിക്ക് വിട്ടുകൊടുക്കുകതന്നെ വേണം.

ഇന്ത്യയിൽ എഴുപതു ശതമാനത്തിലേറെ ആളുകൾ ഇന്നും ഗ്രാമങ്ങളിലാണു പാർക്കുന്നത്. ഗ്രാമങ്ങളിലെ സാമ്പത്തികപ്രവർത്തനം ത്വരിപ്പിക്കുകയാണ് ഇന്ത്യയിലെ ദാരിദ്ര്യം നിവാരണം ചെയ്യുന്നതിനുള്ള ഏക മാർഗം. താരതമ്യേന കുറഞ്ഞ മുതൽമുടക്കിലൂടെ കൃഷിയിൽനിന്നുള്ള നമ്മുടെ വരുമാനം ഇനിയും എത്രയോ വർധിപ്പിക്കാൻ കഴിയും. അത്യധികം തൊഴിൽസ്സാധ്യതയുള്ള രണ്ടു തുറകളാണ് കൃഷിയും മൃഗപരിപാലനവും. ഇവ ഗ്രാമീണർക്ക് അവരുടെ വീട്ടുപടിക്കൽ തൊഴിൽ എത്തിച്ചുകൊടുക്കുന്നു. കർഷകർക്കു വെള്ളം, മെച്ചപ്പെട്ട വിത്തിനങ്ങൾ, കാലിയിനങ്ങൾ, വായ്പാസൗകര്യം, വിപണനസൗകര്യം, ഉയർന്ന സാങ്കേതികവൈദഗ്ധ്യം എന്നിവ ലഭ്യമാക്കാൻ വലിയ പണച്ചെലവില്ല; ശ്രദ്ധാപൂർവമായ ആസൂത്രണവും നടത്തിപ്പും (മാനേജ്മെൻറ്) മാത്രമേ അതിന് ആവശ്യമുള്ളൂ.

നവീകരിച്ച വ്യവസായങ്ങളിൽ ജോലി ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ഒട്ടുവളരെ ആളുകൾ ഇനിയും വളരെക്കാലത്തേക്ക് ഇന്ത്യയിലുണ്ടാവും. അവർക്ക് ആശ്വാസം പകരുന്നതിനായി, ഉൽപ്പാദനക്ഷമത കുറഞ്ഞ കുടിൽവ്യവസായങ്ങൾക്കു സഹായം നൽകുന്നതു തുടരുകതന്നെ വേണം. പക്ഷേ, ഈ നടപടി വികസനമല്ലെന്നും, ദുരിതാശ്വാസം മാത്രമാണെന്നുമുള്ള ബോധം നമുക്കുണ്ടായിരിക്കണം. കുടിൽവ്യവസായങ്ങൾ ദാരിദ്ര്യം അകററുകയില്ല; ദരിദ്രരെ പട്ടിണിയിൽനിന്നു താൽക്കാലത്തേക്കു സംരക്ഷിക്കുകമാത്രമേ അവ ചെയ്യുകയുള്ളൂ.

വ്യവസായങ്ങളിലും സർക്കാർ ഉദ്യോഗങ്ങളിലും ആവശ്യമുള്ളതിലധികം ആളുകളെ കുത്തിത്തിരുകുന്ന ഇന്നത്തെ സമ്പ്രദായത്തിന് ശ്രീ നെഹ്റു എതിരാണ്. ഉൽപാദകമല്ലാത്ത ജോലി ഒരുതരം ദുരിതാശ്വാസപ്രവർത്തനം മാത്രമാകുന്നു—വളരെയധികം ചെലവേറിയ ദുരിതാശ്വാസപ്രവർത്തനം. മാറിയ പരിതഃസ്ഥിതിയിൽ, നമ്മുടെ തൊഴിൽനിയമങ്ങളെ പുനഃപരിശോധിക്കണമെന്നും ശ്രീ നെഹ്റുവിന് അഭിപ്രായമുണ്ട്.

ഒരു പഴയ സർക്കാരുദ്യോഗസ്ഥന്റെ തികച്ചും യാഥാസ്ഥിതികങ്ങളായ അഭിപ്രായങ്ങളാണ് ഈ പ്രസംഗത്തിൽ ശ്രീ ബി. കെ. നെഹ്റു ആവിഷ്കരിച്ചിട്ടുള്ളത്. പക്ഷേ, അദ്ദേഹത്തെപ്പോലെ ചിന്തിക്കുന്നവർ ഇന്ത്യയിൽ വളരെപ്പേരുണ്ട്, ഇന്നത്തെ രാഷ്ട്രീയ സംവിധാനത്തിൽ അവർക്കാണുതാനും മേൽക്കൈ.

അടുത്ത കാലത്തു സാമ്പത്തികനയത്തിൽ കേന്ദ്രഗവണ്മെൻറ് വരുത്തിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങളെ ഈ വെളിച്ചത്തിൽ വിലയിരുത്തുന്നതു പ്രയോജനകരമായിരിക്കും.

25 ജനുവരി, 1986